# പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയപള്ളി

## മൂന്നാളം, അടൂർ

(മലങ്കരയിലെ പ്രഥമ മർത്തശ്മൂനി ദേവാലയം - സ്ഥാപിതം : 1850)










# മർത്തശ്മൂനി തീർത്ഥാടനകേന്ദ്ര പ്രഖ്യാപനവും 173-മത് പെരിങ്ങനാട് വലിയപള്ളി പെരുന്നാളും

## പ്രാർത്ഥനാ പുണ്യവുമായി പരിശുദ്ധ ദേവാലയം

## 2023 ജനുവരി 20 മുതൽ ഫെബ്രുവരി 02 വരെ

പുണ്യവതിയായ മർത്തശ്മൂനി അമ്മയുടെ നാമത്തിൽ മലങ്കരയിൽ ആദ്യമായി സ്ഥാപിച്ച ദേവാലയമാണ് പുരാതനമായ പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയപള്ളി. ജീവിതംകൊണ്ട് സത്യദൈവമായ യഹോവയ്ക്കുവേണ്ടി സ്വയം സമർപ്പിക്കപ്പെടുകയും മരണനിഴലിൻ താഴ്വരയിലും, യഹോവയാണ് സത്യദൈവമെന്ന് ഉറക്കെ പ്രഖ്യാപിക്കുകയും 'ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം മതി എനിക്ക്' എന്നു മരണമുഖത്തും പറയാൻ തന്റെ മക്കളെ പഠിപ്പിക്കുകയും ചെയ്ത ഉത്തമയായ അമ്മയുടെ ചരിത്രമാണ് പരിശുദ്ധ മർത്തശ്മൂനിയുടേത് (2 മക്കാബിയർ 7-ാം അദ്ധ്യായം). സ്വകുടുംബത്തെ മുഴുവനായി ദൈവത്തിനു പരിമളയാഗമായി സമർപ്പിച്ച ഈ പുണ്യവതിയെ പരിശുദ്ധ സഭ ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും നിരയിൽ ആദരിക്കുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഈ ഭാരതദേശത്തും അനേകം പള്ളികൾ ഈ മഹിതമാതാവിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. മലങ്കര സഭയിൽ മർത്തശ്മൂനിയമ്മയുടെയും അവളുടെ മക്കളായ വിശ്വാസ വീരന്മാരായ 7 സഹദേന്മാരുടെയും അവരുടെ ഗുരുവായ മാർ ഏലയാസറുടേയും നാമത്തിലുള്ള ആദ്യദേവാലയമായ പെരിങ്ങനാട് വലിയപള്ളി നാനാജാതി മതസ്ഥരായ അനേകായിരങ്ങൾക്ക് അഭയ സ്ഥാനവും ആശ്രയകേന്ദ്രവുമാണ്. ഏകാന്തമായ സമയങ്ങളിൽ അമ്മയും മക്കളും തമ്മിൽ നടക്കുന്ന അരമായ ഭാഷയിലുള്ള മധുര സംഭാഷണം കേൾക്കാനും വി. ആരാധനകളിൽ അവരുടെ ദിവ്യ സാന്നിദ്ധ്യം അനുഭവിച്ചറിയാനും സാധിച്ചിട്ടുണ്ടെന്നുള്ള വന്ദ്യ വൈദികരുടെയും വിശ്വാസികളുടെയും അനുഭവ സാക്ഷ്യങ്ങളും ഈ വിശുദ്ധരുടെ മദ്ധ്യസ്ഥതയിൽ ദൈവം നൽകുന്ന അനുഗ്രഹങ്ങളും ആത്മസംതൃപ്തിയും നിമിത്തം പ്രാർത്ഥനയ്ക്കായി ദേവാലയത്തിലേക്കു കടന്നുവരുന്നവരുടെ എണ്ണം ദിനംപ്രതി കൂടിവരുന്നു. ഇക്കാരണത്താൽ നേർച്ചകാഴ്ചകളുമായി വരുന്നവരുടെ സൗകര്യാർത്ഥം എല്ലാദിവസവും പള്ളി തുറിന്നിരിക്കുന്നു.

### സ്ഥാപനം

യേശുക്രിസ്തുവിന്റെ ശിഷ്യനായ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ചരിത്രത്താളുകളിൽ തങ്കലിപികളാൽ എഴുത



**റവ. ഫാ. ഷിജു ബേബി**
വികാരി



**ജിതിൻ തോമസ്**
ട്രസ്റ്റി



**ഡുബി കോശി**
സെക്രട്ടറി



**ജേക്കബ് വർഗ്ഗീസ്**
ജനറൽ കൺവീനർ



**ജോൺസൻ കുളത്തുംകരോട്ട്**
പബ്ലിസിറ്റി കൺവീനർ



**അജയ് വർഗ്ഗീസ്**
ജോ. പബ്ലിസിറ്റി കൺവീനർ





Biju Advertising # 9387200454

DSN Shaji # 9656404150

## പ്രാർത്ഥനാ പുണ്യവുമായി പരിശുദ്ധ ദേവാലയം

പ്പെട്ട ചരിത്രമാണ് അടൂരിലും പരിസര പ്രദേശങ്ങളിലുമുള്ള സുറിയാനി ക്രിസ്ത്യാനികളുടേത്. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച നിലയ്ക്കൽ പള്ളിയിൽ നിന്നും എ.ഡി. 4-ാം നൂറ്റാണ്ടോടുകൂടി അടൂരിനും കടമ്പനാടിനും ചുറ്റുമുള്ള സ്ഥലങ്ങളിൽ സുറിയാനി ക്രിസ്ത്യാനികൾ കുടിയേറി പാർക്കുകയും അന്നുമുതൽ ആ ദേശങ്ങളുടെ നാനാമുഖമായ വളർച്ചയ്ക്ക് ക്രൈസ്തവർ വലിയ പങ്കു വഹിക്കുകയും ചെയ്തു. ആത്മീയതയിൽ ക്രൈസ്തവരും ആരാധനാക്രമത്തിൽ പൗരസ്ത്യ ആരാധനാ രീതികളുള്ളവരും സംസ്ക്കാരത്തിൽ തനി ഭാരതീയ വീക്ഷണമുള്ളവരുമായ ഈ നസ്രാണികൾ ആദ്യകാലങ്ങളിൽ കടമ്പനാട് കത്തീഡ്രലിലും പിന്നീട് 12-ാം നൂറ്റാണ്ടോടുകൂടി സ്ഥാപിച്ച അടൂർ കണ്ണംകോട് സെന്റ് തോമസ് കത്തീഡ്രലിലും ആരാധന നടത്തിവന്നു. പെരിങ്ങനാട്ടുള്ള ക്രൈസ്തവർക്കു സ്വന്തദേശത്ത് ഒരു പള്ളി സ്ഥാപിക്കുന്നതിനുള്ള അനുവാദം ലഭ്യമായതോടുകൂടി അന്നത്തെ മലങ്കര മെത്രാപ്പോലീത്തായുടെ അനുഗ്രഹ കൽപ്പനയാൽ 1850ൽ ആദ്യദേവാലയം നിർമ്മിച്ചു ആരാധന നടത്തിവന്നു. പിന്നീട് ആ കാലഘട്ടത്തിലെ നിർമ്മാണ രീതിയ്ക്ക് അനുരൂപമായി ആധുനികമായ ഒരു ദേവാലയം നിർമ്മിക്കണമെ ഇടവകാംഗങ്ങളുടെ താൽപ്പര്യ പ്രകാരം പല പ്രതികൂലങ്ങളെയും തൃണവൽഗണിച്ച് 1890 ഏപ്രിൽ 24 ഭാഗ്യസ്മരണാർഹനായ മലങ്കര മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് മാർ ദീവാസ്യോസ് 5-ാമൻ തിരുമേനി മർത്ത ശ്മൂനിയുടെയും ഏഴു മക്കളുടെയും ഗുരുവായ മാർ ഏലയാസറിന്റെയും നാമത്തിൽ അടിസ്ഥാന ശിലയിട്ടു. മലങ്കരയിലെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് 1895ൽ പുതുതായി നിർമ്മിക്കുന്ന ദേവാലയത്തിൽ എഴുന്നെള്ളുകയും ആ പുണ്യകരങ്ങളാൽ ത്രോണോസ് പ്രതിഷ്ഠിക്കുകയും ദേവാലയ കൂദാശ നിർവ്വഹിക്കുകയും ചെയ്തു. പിന്നീട് 1901 ഡിസംബർ 31 ന് പരിശുദ്ധ പരുമല തിരുമേനി ഈ ദേവാലയത്തിൽ വച്ച്, കടമ്പനാട് വലിയപള്ളി ഇടവകാംഗമായ പള്ളിവാതുക്കൽ തെരുവത്തു വീട്ടിൽ ഈശോ കത്തനാർക്ക് കശ്ശീശ്ശ പട്ടംകൊട നിർവ്വഹിച്ച് അനുഗ്രഹിച്ചിട്ടുള്ളതായി പരുമല തിരുമേനിയുടെ പട്ടംകൊട പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് തിരുമേനിക്ക് പെരിങ്ങനാട് ഇടവകയോടുള്ള കരുതലും വാത്സല്യവും വ്യക്തമാക്കുന്നതാണ്.

പള്ളിയുടെ വടക്കുവശത്തെ ത്രോണോസ് വി. മാർ ത്തോമ്മാശ്ലീഹായുടെ നാമത്തിലും തെക്കുവശത്തെ ത്രോണോസ് വി. ഗീവർഗ്ഗീസ് സഹദയുടെ നാമത്തിലും കലാഭംഗിയോടു കൂടെ നിർമ്മിക്കുകയും മുഖവാരം മനോഹരമാക്കുകയും ഒരു പള്ളിക്കുവേണ്ടുന്ന എല്ലാ നിർമ്മാണ പ്രവർത്തനവും പൂർത്തീകരിക്കുകയും ചെയ്ത് 1916 മകരം 15 ന് അന്നത്തെ കൊല്ലം ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ കല്ലാശ്ശേരിൽ ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് (പരിശുദ്ധ ബസ്സേലിയോസ് ഗീവർഗ്ഗീസ് ദിതീയൻ കാതോലിക്കാബാവ) പള്ളിയെ പ്രതിഷ്ഠിച്ച് അനുഗ്രഹിച്ചു. 1917 ൽ മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന പരിശുദ്ധ വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് തിരുമേനി ദേവാലയത്തിലേക്ക് എഴുന്നള്ളുകയും മകരം 14,15 ഇടവകയുടെ പെരുന്നാൾ ദിനങ്ങളായി പ്രഖ്യാപിക്കുകയും ആയത് ഇന്നുവരെയും മാറ്റമില്ലാതെ തുടരുകയും ചെയ്യുന്നു. ഇത്തരത്തിൽ മലങ്കരയിലെ പരിശുദ്ധ പിതാക്കന്മാരുടെ അനുഗ്രഹ സ്പർശനമേൽക്കാൻ ഈ ദേവാലയത്തിലെ മക്കൾക്ക് അപൂർവ്വഭാഗ്യം ഉണ്ടായിട്ടുണ്ട് പിന്നീട് 1970 കളിൽ പഴയ ദേവാലയത്തിന്റെ മുഖവാരം മാറ്റി പള്ളി നീട്ടിപ്പണിയുകയും മറ്റും ചെയ്തിട്ടുണ്ട്. പിന്നീട് പള്ളി മുറ്റത്ത് വടക്കുവശത്ത് പാരീഷ് ഹാൾ നിർമ്മിച്ച് ഉപയോഗിച്ചുവരുന്നു. ഈ ഇടവകയിലേക്ക് ആരാധനയ്ക്ക് കൂടി വരുന്നതിനുള്ള യാത്രാ ബുദ്ധിമുട്ടുകൾ കാരണം 1973 ജനുവരി ഒന്ന് മുതൽ പെരിങ്ങനാട് സെന്റ് ഗ്രീഗോറിയോസ് ഇടവക രൂപം പ്രാപിച്ചതും ഇവിടെ സ്മരണാർഹമാണ്.

### പുതിയപള്ളി കൂദാശയും വലിയപള്ളി പ്രഖ്യാപനവും

പഴയ പള്ളിയുടെ ജീർണ്ണതയും സ്ഥലപരിമിതിയും പരിഗണിച്ച് 1999 ജനുവരി 22 ന് ഇന്ന് കാണുന്ന ആധുനിക രീതിയിൽ നിർമ്മിച്ച പുതിയ പള്ളിയുടെ ശിലാസ്ഥാപനവും, 2002 ജനുവരി 25, 26 തീയതികളിൽ പള്ളിയുടെ കൂദാശയും മലങ്കരയുടെ സൂര്യതേജസ്സ് പരിശുദ്ധ മാത്യൂസ് ദിതീയൻ ബാവയുടെ തൃക്കരങ്ങളാലും മറ്റു അഭിവന്ദ്യ തിരുമേനിമാരുടെ സാന്നിദ്ധ്യത്തിലും നടത്തി. ഈ ദേവാലയത്തിന്റെ പൗരാണികതയാലും പ്രാധാന്യത്താലും, അടൂരും ചുറ്റുപാടുമുള്ള പ്രദേശങ്ങളും സത്യവിശ്വാസികളുടെ കോട്ടയായി നിലനിർത്തുവാൻ ഈ ഇടവക നടത്തിയിട്ടുള്ള നിർണ്ണായക പോരാട്ടങ്ങളുടെ വെളിച്ചത്തിലും, കൂദാശ മധ്യേ ഈ ദേവാലയത്തിന് **"വലിയപള്ളി"** സ്ഥാനം നൽകി പ. പിതാവ് അനുഗ്രഹിക്കുകയും ചെയ്തു. ഈ കാലയളവിലെ വന്ദ്യ ജോജി കെ. ജോയി അച്ചന്റെ നേതൃത്വവും ശുശ്രൂഷകളും ആദരപൂർവ്വം സ്മരിക്കുന്നു.

പരിശുദ്ധയായ മർത്തശ്മൂനി മാതാവിന്റെ നാമത്തിലുള്ള പെങ്കീസ നമസ്ക്കാരം ഉണ്ടാക്കുന്നതിൽ ഈ ഇടവക നേതൃത്വം കൊടുക്കുകയും അഭിവന്ദ്യ യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെയും കോനാട്ട് വന്ദ്യ ഡോ. ജോൺസ് എബ്രഹാം കോനാട്ട് അച്ചന്റെയും സഹായത്തോടെ ക്രമം തയ്യാറാക്കിയത് 2006 ജനുവരി 22ന് ഈ പള്ളിയിൽവച്ച് പ്രകാശനം നിർവ്വഹിച്ച് പരിശുദ്ധ സഭ ഇന്ന് ഉപയോഗിച്ചുവരുന്നു. ഇടവകാംഗങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യം പരിഗണിച്ച് ഒരു പാരീഷ്ഹാൾ കൂടി നിർമ്മിച്ച് 2012 ജനുവരി 28ന് കൂദാശ ചെയ്തത് ഇടവകയുടെ വളർച്ചയുടെ ഒരു നാഴികക്കല്ലാണ്.

### തീർത്ഥാടന ദേവാലയ പ്രഖ്യാപനം

മർത്തശ്മൂനിയമ്മയുടെയും വിശ്വാസധീരന്മാരായ ഏഴുമക്കളുടെയും അവരുടെ ഗുരുവായ മാർ ഏലയാസറിന്റെയും ദിവ്യ സാന്നിദ്ധ്യവും അനുഗ്രഹങ്ങളും മൂലം അനേകർക്ക് ആശ്വാസവും അഭയവുമായി ഈ ദേവാലയം പരിലസിക്കുന്നു. പരിശുദ്ധ സഭയെ ജീവനതുല്യം സ്നേഹിക്കുകയും അതിന്റെ ഔന്നത്യത്തിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യുന്ന പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയപള്ളിയെ തീർത്ഥാടന ദേവാലയമായി **MOSC / CMM /280/2022** നമ്പർ കല്പന പ്രകാരം പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി 2023 ജനുവരി 24 ന് പ്രഖ്യാപിക്കുകയാണ് ഇത് ഇടവകയുടെ ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ രേഖപ്പെടുത്തപ്പെടുന്ന വേറൊരു സുദിനമാണ്.

ഇന്ന് ഇടവകയുടെതായി 4 കുരിശ്ശടികൾ ദേശത്തിന്റെ വിളക്കായി ഇടവകാതിർത്തികളിൽ ശോഭിക്കുന്നു. മലങ്കര സഭയിലെ എല്ലാ ആത്മീയ സംഘടനകളും വളരെ ശക്തവും അനുഗ്രഹീതവുമായി പ്രവർത്തിച്ചുവരുന്നു. അശരണരായവർക്ക് കൈത്താങ്ങു നൽകുന്നതിലേക്ക് 'തണൽ ചാരിറ്റബിൾ സൊസൈറ്റിയും' ഈ ദേശത്തു ക്രൈസ്തവ സാക്ഷ്യം നിർവ്വഹിക്കുന്നതിനായി പ്രവർത്തിച്ചുവരുന്നു. ഇടവകാംഗങ്ങൾ ആയിരുന്ന തെക്കുംമൂറിയിൽ ചിറ്റേഴത്ത് വന്ദ്യ കോരുത് ഇരിപ്പൂട്ടി കശ്ശീശ്ശയും വന്ദ്യ സി. ഐ. ലൂക്കോസ് കശ്ശീശ്ശയും ഈ ഇടവകയ്ക്കും സഭയ്ക്കും ദീർഘനാൾ നേതൃത്വം കൊടുത്തിട്ടുള്ള വൈദീക ശ്രേഷ്ഠരാണ്. ഇരുവരുടെയും കബറുകൾ പള്ളിക്കുള്ളിൽ അഴിക്കകത്ത് ഇരുവശങ്ങളിലായി സ്ഥിതിചെയ്യുന്നു. ഇടവക മെത്രാപ്പോലീത്താ അഭി. ഡോ. സഖറിയാസ് മാർ അപ്രേം തിരുമേനിയുടെ അനുഗ്രഹീത സാന്നിദ്ധ്യത്താലും കല്പനകളാലും ഈ ഇടവകയുടെ ആത്മീകവും ഭൗതീകവുമായ വളർച്ചയ്ക്ക് നൽകുന്ന നേതൃത്വത്തെ നന്ദിയോടെ സ്മരിക്കുന്നു. വന്ദ്യ പി.എം. എബ്രഹാം കശ്ശീശ്ശ, വന്ദ്യ അനൂപ് ജോർജ്ജ് കശ്ശീശ്ശ എന്നിവർ ഇടവകയുടെ അഭിമാനമായി മലങ്കരയിലെ വൈദിക ഗണത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഏറ്റവും ആദരണീയനും സമർപ്പണമുള്ള വൈദികനുമായ വന്ദ്യ ഷിജു ബേബി അച്ചൻ ഏനാത്ത്, ഇടവക വികാരിയായി ഇടവകയുടെ ആത്മീയവും ഭൗതീക വുമായ വളർച്ചയ്ക്കു സ്തുത്യർഹമായി നേതൃത്വം നൽകിവരുന്നു. ട്രസ്റ്റി ശ്രീ. ജിതിൻ തോമസ് കോയിക്കവിള പടിഞ്ഞാറ്റേതിലിന്റെയും, ശ്രീ. ഡൂബി കോശി കൊക്കാട്ടു മേലേതിൽ ഏദൻ വില്ലയുടെയും നേതൃത്വത്തിലുള്ള ഇടവക ഭരണസമിതി ഇടവകയെ പുരോഗതിയിലേക്കു നയിക്കുന്നു. ഈ ഇടവക ചരിത്രം അവസാനിക്കുന്നതിനു മുൻപ് ഒരു വസ്തുത കൂടി രേഖപ്പെടുത്തട്ടെ. ഈ വിശുദ്ധ ദേവാലയം പടുത്തുയർത്തുവാൻ അക്ഷീണം യത്നിച്ച മേൽപ്പട്ടക്കാർ, വൈദിക ശ്രേഷ്ഠർ, വിശ്വാസികൾ എങ്ങനെ മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായി നിരവധിയാളുകളുണ്ട്. അവരുടെ പേരുകൾ എല്ലാം വിസ്തരഭയത്താൽ ഉൾച്ചേർക്കാൻ കഴിയാതെ പോയതാണ്. ഇഹത്തിലും പരത്തിലും അവർക്ക് നൽസ്മരണയും അനുഗ്രഹങ്ങളും ലഭ്യമാകട്ടെ. ആദരപൂർവ്വം അവർക്ക് കൃതജ്ഞത രേഖപ്പെടുത്തുന്നു.

**വികാരി**
**ഫാ. ഷിജു ബേബി ഏനാത്ത്**

## പ്രോഗ്രാം

**2023 ജനുവരി 23 ഇന്ന് (തിങ്കൾ)** വൈകിട്ട് 6 ന് : സന്ധ്യാനമസ്കാരം, ജാഗരണപ്രാർത്ഥന

### തീർത്ഥാടന ദേവാലയ പ്രഖ്യാപനം നാളെ (2023 ജനുവരി 24 ചൊവ്വ)

രാവിലെ 7 ന് : **വി. മൂന്നിന്മേൽ കുർബ്ബാന**
**പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ,**
**അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലിത്ത,**
**അഭി. ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത,**
**അഭി. സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്ത**
**തീർത്ഥാടന കേന്ദ്ര പ്രഖ്യാപനം, കൊടിയേറ്റ്, സ്നേഹ വിരുന്ന്, ശ്മൂനി വിളക്ക് സ്ഥാപനം**

**2023 ജനുവരി 25 ബുധൻ** രാവിലെ 7 ന് : **വി. കുർബ്ബാന - റവ. ഫാ. അനൂപ് ജോർജ്**
വൈകിട്ട് 6 ന് : ശ്മൂനി വിളക്കിൽ രണ്ടാമത്തെ തിരിതെളിയിക്കൽ

**2023 ജനുവരി 26 വ്യാഴം.** രാവിലെ 7 ന് **വി. കുർബ്ബാന - റവ. ഫാ. ഫിലിപ്പ് സി. പോൾ**
2 ന് എയ്ഞ്ചൽ ബാവ മെമ്മോറിയൽ അഖില മലങ്കര എക്യുമെനിക്കൽ ക്വിസ് മത്സരം.
വൈകിട്ട് 6 ന് ശ്മൂനി വിളക്കിൽ മൂന്നാമത്തെ തിരിതെളിയിക്കൽ.

**2023 ജനുവരി 27 വെള്ളി** രാവിലെ 7ന് **വി. കുർബ്ബാന - റവ. ഫാ. ജോസഫ് സാമുവേൽ തറയിൽ**
10.30 ന് **മർത്തമറിയം വനിതാ സമാജം അടൂർ ഗ്രൂപ്പ് മീറ്റിംഗും, അടൂർ കൺവൻഷൻ ഒരുക്ക ധ്യാനവും**
**റവ. ഫാ. ജോൺ റ്റി. വർഗ്ഗീസ്, കുളക്കട**
വൈകിട്ട് 6 ന് ശ്മൂനി വിളക്കിൽ നാലാമത്തെ തിരി തെളിയിക്കൽ

**2023 ജനുവരി 28 ശനി** രാവിലെ 7 ന് **വി. കുർബ്ബാന - റവ. ഫാ. ജോജി കെ. ജോയി**
10.30 ന് **ശ്മൂനി വിശ്വാസ സംഗമം** മുഖ്യ പ്രഭാഷണം - **ശ്രീ. ജിജി തോംസൺ** IAS
മുൻ വികാരിമാരെ ആദരിക്കൽ, നവസഹദേർ (ഡോക്യുമെന്ററി) പ്രകാശനം, സ്നേഹവിരുന്ന്.
വൈകിട്ട് 6 ന് ശ്മൂനി വിളിക്കിൽ അഞ്ചാമത്തെ തിരിതെളിയിക്കൽ
7 ന് **വചന ശുശ്രൂഷ - റവ. പി. കെ സഖറിയ കല്ലിശേരി**

**2023 ജനുവരി 29 ഞായർ** രാവിലെ 7 ന് **വി. കുർബ്ബാന - റവ. ഫാ. ഷിജു ബേബി ഏനാത്ത്**
10.30 ന് **അടൂർ കടമ്പനാട് ഭദ്രാസനം ടീനേജ് മീറ്റ്**
ഉത്ഘാടനം **അഭി. ഡോ: സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത,**
ക്ലാസ്സുകൾ **ശ്രീ. സാജൻ പാപ്പച്ചൻ , റവ. ഫാ. ബിന്നി കയ്യാനിയിൽ**
വൈകിട്ട് 6 ന് ശ്മൂനി വിളക്കിൽ ആറാമത്തെ തിരിതെളിയിക്കൽ
7 ന് **വചന ശുശ്രൂഷ - റവ. ഫാ. ജോൺ ചെല്ലാനി കപ്പൂച്ചിൻ**

**2023 ജനുവരി 30 തിങ്കൾ** രാവിലെ 10 ന് **ധ്യാനം - ബ്രദർ സാബു കോശി, അടൂർ**
വൈകിട്ട് 6 ന് ശ്മൂനി വിളക്കിൽ ഏഴാമത്തെ തിരിതെളിയിക്കൽ
7 ന് **ധ്യാനം - റവ. ഫാ. വർഗ്ഗീസ് പി. ഇടിച്ചാണ്ടി**

**2023 ജനുവരി 31 ചൊവ്വ** 10 ന് **ധ്യാനം - റവ. ഫാ. ജെറിൻ ജോൺ**
വൈകിട്ട് 6 ന് ശ്മൂനി വിളക്കിൽ എട്ടാമത്തെ തിരിതെളിയിക്കൽ
7 ന് **ധ്യാനം - ശ്രീ. ബിജു വി. പന്തപ്ലാവ്**

**2023 ഫെബ്രുവരി 1 ബുധൻ** രാവിലെ 10 ന് **വി. കുർബ്ബാന - റവ. ഫാ. സൈമൺ ലൂക്കോസ്**
വൈകിട്ട് 5.30 ന് ശ്മൂനി വിളക്കിൽ ഒമ്പതാമത്തെ തിരി തെളിയിക്കൽ
6.15 ന് **ഭക്തിനിർഭരമായ റാസ**

**2023 ഫെബ്രുവരി 2 വ്യാഴം**. രാവിലെ 7 ന് **വി. മൂന്നിന്മേൽ കുർബ്ബാന**
**അഭി. ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത,**
**അഭി. ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത,**
**അഭി. ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത**
ശ്ലൈഹിക വാഴ്വ്, നേർച്ചവിളമ്പ്, കൊടിയിറക്ക്
വൈകിട്ട് 7 ന് **ഗാനമേള** (സ്പോൺസർ സെന്റ് ഗ്രീഗോറിയോസ് യുവജനപ്രസ്ഥാനം)

Watch Live on
Shmooni Media
Marthashmooni

## ശ്മൂനി വിളക്ക്

യെരുശലേം ദേവാലയത്തിൽ മക്കാബിയർ കൊളുത്തിയ വിളക്ക് (ഹനൂക്ക വിളക്ക്), മർത്തശ്മൂനി അമ്മയുടെയും, സപ്ത സുതന്മാരുടെയും, ഗുരുവായ മാർ ഏലയാസറിന്റെയും നാമത്തിൽ മലങ്കരയിൽ സ്ഥാപിതമായ പ്രഥമ ദേവാലയമായ പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയ പള്ളിയിൽ സ്ഥാപിക്കണം എന്ന് ഇടവക പൊതുയോഗം തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ, നവ സഹദേന്മാരുടെ ദർശനവും, മൂല്യങ്ങളും അവരുടെ വിശ്വാസവും അടിസ്ഥാനമാക്കി ഒരു വിളക്ക് രൂപകൽപ്പന ചെയ്തു. ഏകദേശം 4 അടി ഉയരവും, 4 അടി വീതിയും. 293 കിലോ തൂക്കവും, 9 വിളക്കുകാലുകളും ഉള്ള ഈ വിളക്ക് ശ്മൂനി വിളക്ക് എന്ന് അറിയപ്പെടുന്നു. 'വചനത്തിൽ വേരൂന്നിയ വൃക്ഷം' എന്ന ആശയത്തിൽ രൂപകൽപ്പന ചെയ്ത ശ്മൂനി വിളക്കിന്റെ നിർമ്മാണം പൂർത്തിയാക്കി ഇടവക തീർഥാടന കേന്ദ്രമായി പ്രഖ്യാപിക്കുന്ന 2023 ജനുവരി 24 -ന് ദേവാലയത്തിൽ പ്രതിഷ്ഠിക്കുന്നു.

അടിസ്ഥാനമായി ഒരു ബൈബിൾ, അതിൽ വേരൂന്നി നിൽക്കുന്ന ഒരു വൃക്ഷം. ഇത് നവസഹദേന്മാരുടെ ദൈവ വചനത്തിലുള്ള ഉറച്ച വിശ്വാസത്തെ സൂചിപ്പിക്കുന്നതാണ്. അനേകം പീഡകൾ ഏറ്റു വാങ്ങി ഈ വൃക്ഷത്തിലെ ഇലകൾ കൊഴിഞ്ഞു പോയിരിക്കുന്നു. ദൈവത്തിൽ ഉറച്ചു വിശ്വസിച്ച്, വിശ്വാസം തള്ളിപ്പറയാൻ കൂട്ടാക്കാതെ നിന്ന് രക്തസാക്ഷിത്വം വരിച്ച നവ സഹദേന്മാർ, വൃക്ഷത്തിന് മുകളിൽ 9 വിളക്കുകളായി പ്രകാശിച്ചു നിൽക്കുന്നു. മർത്തശ്മൂനി അമ്മയും, ഗുരുവായ മാർ ഏലയാസറും, 7 ശിശു സഹദേന്മാരും കാണിച്ചു തന്ന വിശ്വാസ പാതയിൽ ഉറച്ചു നിൽക്കുന്ന ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ വിശ്വാസികൾ, മുന്തിരി വള്ളികളായി വൃക്ഷത്തിൽ പടർന്ന് ഫലം കായ്ച്ചു നിൽക്കുന്നു.

പെരുന്നാൾ കൊടിയേറുന്ന ദിവസം സന്ധ്യ മുതൽ, കൊടിയിറക്ക് ദിവസം വരെ മാത്രമേ ഈ വിളക്ക് പൊതു ദർശനത്തിന് ദേവാലയ മധ്യത്തിൽ വെക്കുകയുള്ളു. ആദ്യ ദിവസം സന്ധ്യയ്ക്ക് മാർ ഏലയാസറിന്റെ വിളക്ക് വിശുദ്ധ മദ്ഹബഹയിൽ നിന്ന് തീ പകർന്നു കത്തിക്കുന്നു. മറ്റെല്ലാ വിളക്കുകളും ഗുരുവായ മാർ ഏലയാസറിന്റെ വിളക്കിൽ നിന്ന് പകർന്നാണ് കത്തിക്കുന്നത്. പിന്നീട് ഓരോ ദിവസങ്ങളിലായി സന്ധ്യയ്ക്ക് മാർ ഗദ്ദി, മാർ മഖ്ബായ്, മാർ തർസായി,മാർ ഹെബ്രോൻ, മാർ ഹെബ്സോൻ, മാർ ബാക്കോസ്, മാർ യോനാദാബ് എന്നിങ്ങനെ രക്തസാക്ഷികൾ ആയ ക്രമത്തിൽ ശിശു സഹദേന്മാരുടെ വിളക്കുകൾ കത്തിക്കുന്നു.



ഒൻപതാം ദിനം സന്ധ്യയ്ക്ക് മർത്തശ്മൂനി അമ്മയുടെ വിളക്ക് കത്തിക്കുന്നതോടെ, ശ്മൂനി വിളക്ക് പൂർണ്ണമായി പ്രകാശിച്ചു നിൽക്കുന്നു. പെരുന്നാൾ കൊടിയിറങ്ങിയതിന് ശേഷം വിളക്ക് ദേവാലയത്തിൽ പ്രത്യേകം തയാറാക്കിയ സ്ഥലത്തു സൂക്ഷിക്കുകയും ചെയ്യുന്നു. യെരുശലേം ദേവാലയത്തിൽ നിന്ന് പെരിങ്ങനാട് മർത്തശ്മൂനി വലിയപള്ളി വരെ, ബിസി 167-ൽ നിന്ന് 2023 വരെ, പല തലമുറകൾ കൈമാറി, പല ദേശങ്ങൾ കടന്ന് വന്ന വലിയ നിയോഗമാണ് നിവിളക്ക്. വരും തലമുറകളെ വിശ്വാസത്തിൽ ചേർത്ത് നിർത്തി, നാടിന് പ്രകാശം പരത്തി, പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയ പള്ളിയിൽ ഈ വിളക്ക് നില കൊള്ളുന്നു.


ആശംസകളോടെ...
AUTOSPA
MULTICAR TECHNOLOGY
K.P Road, Chennampallil, Adoor
LIJU
Managing Director
+91 956 262 53 98
We Also Provide
Engine Diagnosis & Repair
Routine Vehicle Service
A/C service
Battery Service
Alternator Repair
Statrter Repair
Injector Reset
Data Inspection
ECM Programming
Immobilizer Programming Software
All Sensors Update & Programming
4wd & Awd Cars Diagnosing & Repair
Electric Power Brake Replacement & Reprogramming






ആശംസകളോടെ...
REYAN PAINTS
Kottackal Building, Near Reliance Petrol Pump, K.P Road, Adoor
Pathanamthitta - 691523 | Mob: 9744655488
Branch : Pazhakulam | Kodumon | Chandanapalli | Kazhakoottam
















## ഇടവകപ്പട്ടക്കാർ



റവ. ഫാ. പി. എം. എബ്രഹാം



റവ. ഫാ. അനുപ് ജോർജ്



**ഗീവർഗ്ഗീസ് ശാമുവേൽ**
പ്രോഗ്രാം കൺവീനർ



**സജി കൊക്കാട്ട്**
മാനേജിംഗ് കമ്മിറ്റി മെമ്പർ &
വിളംബര റാലി കൺവീനർ



**വിൻസെന്റ് ജി. വർഗ്ഗീസ്**
മാനേജിംഗ് കമ്മിറ്റി മെമ്പർ &
ലൈറ്റ് & സൗണ്ട് കൺവീനർ



**ആലീസ് എൻസൺ**
മാനേജിംഗ് കമ്മിറ്റി മെമ്പർ &
ഫുഡ് കമ്മിറ്റി കൺവീനർ



**രാജു ജോൺ**
റാസ കൺവീനർ



**ജോബി ജോർജ്**
കൺവെയൻസ് കൺവീനർ

## പബ്ലിസിറ്റി കമ്മിറ്റി



**ആൻസൺ കെ. മാത്യു**
ഡിസൈൻ & സോഷ്യൽ മീഡിയ



**ലിബിൻ ഇടിക്കുള**
ഡിസൈൻ, മീഡിയ,
പബ്ലിസിറ്റി കോർഡിനേറ്റർ
& ഓഡിറ്റർ



**ലിബിൻ എൻസൺ**
ഡിസൈൻ, മീഡിയ,
പബ്ലിസിറ്റി കോർഡിനേറ്റർ &
മാനേജിംഗ് കമ്മിറ്റി മെമ്പർ



**സി. റ്റി. കോശി**
മാനേജിംഗ് കമ്മിറ്റി മെമ്പർ

## ഡോക്യുമെന്ററി & മീഡിയ



**ആരോൺ വർഗ്ഗീസ്**



**ജിജു തോമസ്**
പ്രോഗ്രാം ജോ. കൺവീനർ

## ഇടവക ഭരണസമിതി



**ബാബു റ്റി. വി.**



**ജോർജ് വർഗ്ഗീസ്**



**ജോണി ഡി.**



**ബെന്നിക്കുട്ടി എം.**



**ബേബി രാജു**



**റിജോ റെജി**



**അമ്മാൾ വർഗ്ഗീസ്**



**മഞ്ജു സൂസൻ സജി**



**തോമസ് കെ. ജേക്കബ്**
ആഡിറ്റർ



**സാബു ഡാനിയേൽ**
ഇടവക ശുശ്രൂഷകൻ



**പി. സി. സ്കറിയ**
അറ്റെൻഡർ



**വത്സമ്മ തോമസ്**
അക്കൗണ്ടന്റ്

## പെരുന്നാൾ കമ്മിറ്റി



**റ്റി. വി. വർഗ്ഗീസ്**



**ഇടിക്കുള ഡാനിയേൽ**



**അലക്സാണ്ടർ തോമസ്**



**റോയി പാപ്പച്ചൻ**



**എബ്രഹാം വി.**



**എബി മാത്യു**



**ബിജു ജെ.**



**ജോബിൻ ജോർജ്**
ഫുഡ് ജോ. കൺവീനർ



**ബൈജു റ്റി.**
ലൈറ്റ് & സൗണ്ട് ജോ. കൺവീനർ



**ജോസ്മോൻ ജോണി**
വാദ്യമേളം കോർഡിനേറ്റർ



**മിനി രാജു**



**ഷേർലി രാജു**



**അനിത തങ്കച്ചൻ**



**സൗമ്യ ബൈജു**

Location



# KMC HOSPITAL, CHENGANNUR

## മസ്തിഷ്കാഘാതം, ന്യൂറോപതി, ഡിമെൻഷ്യ, എപിലെപ്സി... ധൈര്യമായി നേരിടാം, കൂടെയുണ്ട് ഞങ്ങൾ

ന്യൂറോളജിയിലെ ഓരോ വെല്ലുവിളിയും ഞങ്ങളെ സംബന്ധിച്ച് ഒരു വ്യക്തിയുടെ ജീവിതം വീണ്ടെടുക്കൽ മാത്രമല്ല, ആ കുടുംബത്തിന്റെ സന്തോഷം തിരിച്ചു പിടിക്കലാണ്.



**Dr. Preethy V. Varghese**
MBBS, MD, DM
**Consultant Neurologist**



**Dr. Manu Vincent**
MBBS, MD, DM
**Consultant Neurologist**



**Dr. Aswin Mathew Thomas**
MBBS, MD, DM
**Consultant Neurologist**



**Dr. R. Rajeev**
MBBS, DNB (Neurosurgery), MNAMS, Fellowship in Skull base Neurosurgery (CMC Vellore)
**Consultant Neurosurgeon**

### OUR NEUROLOGY CLINICS

- Stroke Clinic
- Epilepsy Clinic
- Movement Disorder Clinic
- Headache Clinic
- Dementia Clinic
- Neuropathy Clinic

### SERVICES & FACILITIES

- Botox Injections
- Brainstem Evoked Response Audiometry (BERA)
- Electrophysiology Nerve Conduction Study/ RNS/ EMG
- Lumbar Puncture Diagnostic/ Therapeutic
- Nerve Biopsy
- Neuro Rehabilitation
- Palliative Care
- Somatosensory Evoked Potential (SSEP)
- Stroke Prevention
- Stroke Thrombolysis
- Visual Evoked Potential (VEP)
- EEG
- EMG
- Sleep Study
- NCS

GENERAL ENQUIRY & BOOKING
0479 236 3300 / 3456

drkmcims.com info@drkmcims.com kmcims

Umayattukara Road, Kallissery P.O. Chengannur, Kerala - 689124

Dr. KM CHERIAN INSTITUTE OF MEDICAL SCIENCES
KALLISSERY, CHENGANNUR
A WORLD CLASS HOSPITAL YOU CAN TRUST
[ A Venture of Dr. K M Cherian Institute of Medical Sciences Pvt. Ltd ]

ആശംസകളോടെ...



ബ്രാന്റഡ് കമ്പനികളുടെ
മികവുറ്റ ഡോർ
ഫിറ്റിംഗ്സുകളുമായി

# CHANDY'S®

## LOCKS & HARDWARES

ETTUMANOOR +91 75590 90402 | THIRUVALLA +91 97465 86978 | ADOOR +91 88482 78373

Godrej | Yale | HÄFELE | FRANKE | FABER | BONUS | YAMA | Slaak | EUROPA | AKS | ebco

ആശംസകളോടെ...

# COSMO DENTAL CARE AND ORTHODONTIC ENTRE

*Creating, Perfect Smiles*



Naaj Plaza, Near Govt. Hospital Jn. **ADOOR**
**+91 8714946828, +91 8943302295**
cosmosdentalorthodonticcentre@gmail.com

**Dr. Amal K Abey** MDS
Orthodontics and Dentofacial Orthopedics
Chief Dental Surgeon, KDC: 22316

Monday to Saturday 9.30 am to 6.00 pm

Our Services

- ദന്തക്രമീകരണ ചികിത്സ രീതി ലോഹം, സെറാമിക്
- ദന്തക്രമീകരണത്തിന് നൂതന ചികിത്സാരീതി Clear Aligners
- താടി എല്ലിന്റെ വളർച്ച നിയന്ത്രിക്കാൻ ഉപയോഗിക്കുന്ന Headgear, Facemak എന്നിവ
- പല്ലിന് വെണ്മ കൂട്ടുന്ന ചികിത്സ Bleaching
- റൂട്ട് കനാൽ ചികിത്സ & ക്യാപ് ചികിത്സ
- നഷ്ടപ്പെട്ട പല്ലിനെ പുനസ്ഥാപിക്കാൻ ഉള്ള ചികിത്സാ രീതി
- Habit Breaking Therapy

GRAND INAUGURATION: **28.01.2023**

7025 06 1122 | 7025 06 1133

# GLOBAL EDUCITY

E Pass Building, 2nd Floor
(Near Govt. General Hospital)
**Adoor**

BEST COACHING

# IELTS
# OET
# GERMAN
# UKVI

Inauguration — **Sri. Chittayam Gopakumar**, Hon. Deputy Speaker

Chairman — **Sri. Roshy Augustin**, Hon. Minister, Water Resources

Chief Guest — **Sri. P. N. Pramod Narayan**, MLA

# STUDY ABROAD

UK, CANADA, AUSTRALIA
GERMANY, NEWZEALAND, EUROPE

We provide best Overseas consultancy
We arrange Education Loan Support

Join US Now

Hostel Facilities are also available

ആശംസകളോടെ...

# ivas

## GARMENTS

Wholesale Clothing Store

Ladies & Mens Wear

KULAKKADA | കുളക്കട

GSTIN: 32BWRPR5091J1ZW
9778133104 8281640510
email: ivasgarments@gmail.com




Biju Advertising # 9387200454

DSN Shaji # 9656404150